# ALL INDIA RADIO THIRUVANANTHAPURAM

# ആകാശവാണി, തിരുവനന്തപുരം

# NATIONAL BULLETIN

**DATE: 29-07-2026** **TIME : 07.25 PM**

## പ്രധാന വാർത്തകൾ

1. പൊതു പരീക്ഷാ ഭേദഗതി ബിൽ ലോക്സഭ പാസാക്കി. വന്ദേമാതരത്തിന് ദേശീയ ഗാനമായ 'ജന ഗണ മന'യ്ക്ക് തുല്യമായ നിയമ സംരക്ഷണം വ്യവസ്ഥ ചെയ്യുന്ന ഭേദഗതി ബില്ലിന് രാജ്യസഭയുടെ അംഗീകാരം. ഇരുസഭകളും ഇന്നത്തേക്ക് പിരിഞ്ഞു.

   **The Lok Sabha today passed the Public Examinations (Prevention of Unfair Means) Amendment Bill, 2026. The Rajya Sabha has passed the Prevention of Insults to National Honour (Amendment) Bill, 2026. Both Houses of Parliament adjourned for the day.**

2. യുവജന ക്ഷേമത്തിനുള്ള പ്രതിബദ്ധതയുടെ തുടർച്ചയാണ് പൊതു പരീക്ഷ ഭേദഗതി ബില്ലെന്ന് കേന്ദ്ര സഹമന്ത്രി ജിതേന്ദ്ര സിംഗ്.

   **Union Minister of State Jitendra Singh said that the Public Examinations (Prevention of Unfair Means) Amendment Bill is a continuation of the government's commitment to the welfare of the youth.**

3. ലഹരി ഉപയോഗത്തിനെതിരെയുള്ള രാജ്യവ്യാപക പ്രചാരണ പരിപാടിക്ക് ഞായറാഴ്ച തുടക്കമാകും. പ്രധാനമന്ത്രി നരേന്ദ്ര മോദി ഉദ്ഘാടനം ചെയ്യും.

   **Prime Minister Narendra Modi will officially launch the Nasha Mukt Yuva for Viksit Bharat campaign on Sunday.**

4. കൽക്കരിപ്പാടം അനുമതിയുമായി ബന്ധപ്പെട്ട് മുൻ പ്രധാനമന്ത്രി മൻമോഹൻ സിങ്ങിനെതിരായ ക്രിമിനൽ കേസ് അവസാനിപ്പിക്കാൻ സുപ്രീം കോടതിയുടെ അനുമതി.

   **The Supreme Court closed a criminal case against former Prime Minister Manmohan Singh in a coal block allocation case**

5. കേരളത്തിൽ വൻകിട വികസന പദ്ധതികളിൽ കൂടുതൽ നിക്ഷേപത്തിന് ഏഷ്യൻ ഇൻഫ്രാസ്ട്രക്ചർ ബാങ്ക് സന്നദ്ധത അറിയിച്ചതായി സംസ്ഥാന സർക്കാർ.

   **The State Government has said that the Asian Infrastructure Investment Bank (AIIB) has expressed its willingness to invest more in large-scale infrastructure development projects in Keralam.**

6. സംസ്ഥാനത്ത് അതിശക്തമായ മഴയ്ക്ക് സാധ്യത. ഇടുക്കി, വയനാട്, കണ്ണൂർ ജില്ലകളിൽ ഇന്ന് ഓറഞ്ച് ജാഗ്രത. കേരളം, കർണാടക, ലക്ഷദ്വീപ് തീരങ്ങളിൽ നാളെ മുതൽ ഞായറാഴ്ച വരെ മത്സ്യബന്ധനത്തിന് വിലക്ക്.

   **Heavy to very heavy rainfall is likely in Keralam. Orange Alert has been issued today in Idukki, Wayanad, and Kannur districts. Fishing has been banned along the Keralam, Karnataka and Lakshadweep coasts from tomorrow till Sunday.**

&&&&&&&&&&&&&&&&&&

**PARLIAMENT (INTRO)**

പൊതു പരീക്ഷാ ഭേദഗതി ബിൽ ലോക്സഭ പാസാക്കി. പരീക്ഷാ ക്രമക്കേടുകളിലെ കുറ്റക്കാർക്ക് 10 വർഷം വരെ തടവും 10 കോടി രൂപ വരെ പിഴയും നൽകാൻ ബിൽ വ്യവസ്ഥ ചെയ്യുന്നു. 2024ലെ നിയമം ഭേദഗതി ചെയ്തു കൊണ്ടുള്ള ബില്ലിൽ, കുറ്റക്കാരുടെ സ്വത്ത് വകകൾ കണ്ടുകെട്ടാനും വ്യവസ്ഥയുണ്ട്. കേസുകൾ വേഗത്തിൽ തീർപ്പാക്കുന്നതിന് പ്രത്യേക ഫാസ്റ്റ് ട്രാക്ക്

കോടതികൾ സ്ഥാപിക്കണമെന്നും ബില്ലിൽ പറയുന്നു. യുവജന ക്ഷേമത്തിനുള്ള പ്രതിബദ്ധതയുടെ തുടർച്ചയാണ് ബില്ലെന്ന് കേന്ദ്ര സഹമന്ത്രി ജിതേന്ദ്ര സിംഗ് ലോക്സഭയിൽ പറഞ്ഞു.

(വോയിസ് ജിതേന്ദ്ര സിംഗ്)

നീറ്റ് ചോദ്യപേപ്പർ ചോർച്ചാ വിഷയത്തിൽ വിദ്യാർത്ഥികളുടെ പ്രതിഷേധം, ആശങ്കകളാണെന്നും എല്ലാ രാഷ്ട്രീയ പാർട്ടികളും അതിനെ മാനിക്കണമെന്നും ലോക്സഭാ പ്രതിപക്ഷ നേതാവ് രാഹുൽ ഗാന്ധി പറഞ്ഞു.

(ബൈറ്റ് - രാഹുൽ ഗാന്ധി)

ബിൽ ശബ്ദവോട്ടോടെ പാസാക്കിയ ശേഷം ലോക്സഭ ഇന്നത്തേക്ക് പിരിഞ്ഞു.

&&&&&&&&&&&&&&&

## LS – ONE NATION ONE ELECTION

ഒരു രാജ്യം, ഒരു തിരഞ്ഞെടുപ്പുമായി ബന്ധപ്പെട്ട നിയമനിർമ്മാണങ്ങൾ പരിശോധിക്കുന്ന സംയുക്ത പാർലമെന്ററി സമിതിയുടെ കാലാവധി നീട്ടി ലോക്സഭ. ശീതകാല സമ്മേളനത്തിൻറെ അവസാന ആഴ്ചയുടെ ആദ്യ ദിവസം വരെയാണ് കാലാവധി നീട്ടിയത്. പി.പി. ചൗധരിയാണ് സമിതി ചെയർമാൻ.

&&&&&&&&&&&&&&&

## RS – NATIONAL HONOUR

വന്ദേമാതരത്തിന് ദേശീയ ഗാനമായ 'ജന ഗണ മന'യ്ക്ക് തുല്യമായ നിയമ സംരക്ഷണം വ്യവസ്ഥ ചെയ്യുന്ന ഭേദഗതി ബിൽ രാജ്യസഭ പാസാക്കി. ദേശീയ ചിഹ്നങ്ങളെ ഇകഴ്ത്തുന്നത് തടയുന്ന 1971-ലെ നിയമമാണ് ഭേദഗതി ചെയ്യുത്. പുതിയ ബിൽ പ്രകാരം വന്ദേമാതരത്തെ മനഃപൂർവ്വം അപമാനിച്ചാൽ മൂന്ന് വർഷം വരെ തടവോ പിഴയോ അല്ലെങ്കിൽ രണ്ടും കൂടിയോ ശിക്ഷ ലഭിക്കും. രാജ്യസഭ ഇന്നത്തേക്ക് പിരിഞ്ഞു.

&&&&&&&&&&&&&&&

## PM- NASHA MUKT CAMPAIGN

ലഹരി ഉപയോഗത്തിനെതിരെ നശാ മുക്ത് യുവ ഫോർ വികസിത് ഭാരത് പ്രചാരണ പരിപാടി പ്രധാനമന്ത്രി നരേന്ദ്ര മോദി ഞായറാഴ്ച ഉദ്ഘാടനം ചെയ്യും. മൈ ഭാരത് പ്ലാറ്റ്ഫോമിൻറെ നേതൃത്വത്തിൽ രാജ്യവ്യാപകമായി 100 ആഴ്ച നീളുന്ന പ്രചാരണ പരിപാടിയാണ് നടക്കുന്നത്. ഒരു കോടിയിലധികം പേർ ഉദ്ഘാടന ചടങ്ങിൽ പങ്കെടുക്കുമെന്ന് കേന്ദ്രമന്ത്രി മൻസുഖ് മാണ്ഡവ്യ അറിയിച്ചു. ഇതിൻറെ ഭാഗമായി ബോധവൽക്കരണ കാമ്പെയ്നുകൾ, കായിക മത്സരങ്ങൾ, വാക്കത്തോണുകൾ എന്നിവ സംഘടിപ്പിച്ചിട്ടുണ്ട്.

&&&&&&&&&&&&&&&

## SC COAL BLOCK

കൽക്കരിപ്പാടം അനുമതിയുമായി ബന്ധപ്പെട്ട് മുൻ പ്രധാനമന്ത്രി മൻമോഹൻ സിങ്ങിനെതിരായ ക്രിമിനൽ കേസ് അവസാനിപ്പിക്കാൻ സുപ്രീം കോടതിയുടെ അനുമതി. അദ്ദേഹത്തിനെതിരെ പുറപ്പെടുവിച്ച സമൻസും കോടതി റദ്ദാക്കി. കേസ് അന്വേഷണം അവസാനിപ്പിച്ചു കൊണ്ടുള്ള സിബിഐയുടെ റിപ്പോർട്ട് ചീഫ് ജസ്റ്റിസ് അധ്യക്ഷനായ ബെഞ്ച് അംഗീകരിക്കുകയായിരുന്നു. കേസ് അവസാനിപ്പിച്ചതായി പരമോന്നത കോടതി അറിയിക്കുകയും ചെയ്തു.

&&&&&&&&&&&&&&&

## NATIONAL TIGER DAY

അന്താരാഷ്ട്ര കടുവ ദിനാഘോഷത്തോടനുബന്ധിച്ച് ദേശീയ കടുവ സംരക്ഷണ അതോറിറ്റി ന്യൂഡൽഹിയിൽ സംഘടിപ്പിച്ച പരിപാടിയെ കേന്ദ്രമന്ത്രി ഭൂപേന്ദർ യാദവ് അഭിസംബോധന ചെയ്തു. കഴിഞ്ഞ 12 വർഷത്തിനിടെ രാജ്യത്തെ കടുവകളുടെയും കടുവ സങ്കേതങ്ങളുടെയും എണ്ണത്തിൽ ശ്രദ്ധേയ വർധനയുണ്ടായതായി അദ്ദേഹം പറഞ്ഞു.

&&&&&&&&&&&&&&&

## ASSAM FLOOD RELIEF

അസമിലെ വെള്ളപ്പൊക്ക ബാധിത മേഖലകളിൽ നടന്നുകൊണ്ടിരിക്കുന്ന ദുരിതാശ്വാസ പ്രവർത്തനങ്ങൾ കേന്ദ്ര ആഭ്യന്തര മന്ത്രി അമിത് ഷാ അവലോകനം ചെയ്തു. ദുരിതാശ്വാസം, പുനരധിവാസം, എന്നിവയ്ക്ക് ആവശ്യമായ എല്ലാ സഹായങ്ങളും കേന്ദ്ര സർക്കാർ ഉറപ്പുനൽകിയതായി അസം മുഖ്യമന്ത്രി ഹിമന്ത ബിശ്വ ശർമ്മ അറിയിച്ചു. ദുരിതാശ്വാസ പ്രവർത്തനങ്ങൾ യുദ്ധകാലാടിസ്ഥാനത്തിൽ പുരോഗമിക്കുകയാണ്.

&&&&&&&&&&&&&&&

## ASIAN INFRASTRUCTURE

കേരളത്തിലെ വൻകിട നിക്ഷേപ പദ്ധതികളിൽ കൂടുതൽ നിക്ഷേപത്തിന് ഏഷ്യൻ ഇൻഫ്രാസ്ട്രക്ചർ ഇൻവെസ്റ്റ്മെന്റ് ബാങ്ക് സന്നദ്ധതയറിയിച്ചതായി സംസ്ഥാന സർക്കാർ. ഇതുമായി ബന്ധപ്പെട്ട് ബാങ്കിലെ ഉന്നതതല സംഘം സെക്രട്ടേറിയറ്റിൽ മുഖ്യമന്ത്രി വി.ഡി. സതീശനുമായി കൂടിക്കാഴ്ച നടത്തി. കൊച്ചി മെട്രോ രണ്ടാം ഘട്ടം , ഖരമാലിന്യ സംസ്കരണ പദ്ധതി, പ്രകൃതിദുരന്തങ്ങളെ പ്രതിരോധിക്കാനുള്ള 'റെസിലിയന്റ് കേരള' പ്രോഗ്രാം, അണക്കെട്ടുകളുടെ പുനരധിവാസ പദ്ധതി എന്നിവയിൽ ബാങ്ക് നിലവിൽ കേരളവുമായി സഹകരിക്കുന്നുണ്ട്.

&&&&&&&&&&&&&&&

## COCHIN SHIPYARD

കൊച്ചിൻ ഷിപ്‌യാർഡ് ലിമിറ്റഡ് നിർമിച്ച ആന്റി സബ്മറൈൻ വാർഫെയർ ഷാലോ വാട്ടർ ക്രാഫ്റ്റ് - 'മച്ചിലിപട്ടണം' വിജയകരമായി നീറ്റിലിറക്കി. കൊച്ചിൻ ഷിപ്‌യാർഡിൽ നടന്ന ചടങ്ങിൽ നാവികസേന വൈസ് അഡ്മിറലിന്റെ പത്നി ഗൂൽരുഖ് ആനന്ദ് കപ്പലിന്റെ ലോഞ്ചിങ് നിർവഹിച്ചു. 78 മീറ്റർ നീളവും ഏകദേശം 900 ടൺ ഭാരവുമുള്ള കപ്പലിന് മണിക്കൂറിൽ 25 നോട്ടിക്കൽ മൈൽ വരെ വേഗത്തിൽ സഞ്ചരിക്കാനാകും.

&&&&&&&&&&&&&&&

## RAIN KERALA

കേരളത്തിൽ വിവിധ ജില്ലകളിൽ അതിശക്തമായ മഴയ്ക്ക് സാധ്യതയെന്ന് കേന്ദ്ര കാലാവസ്ഥ വകുപ്പ്. ഇടുക്കി, വയനാട്, കണ്ണൂർ ജില്ലകളിൽ ഇന്ന് ഓറഞ്ച് ജാഗ്രതയാണ്. കൊച്ചി - ധനുഷ്കോടി ദേശീയ പാതയിൽ മൂന്നാർ സി എസ് ഐ പള്ളിക്ക് സമീപം ഗതാഗത നിയന്ത്രണം ഏർപ്പെടുത്തിയതായി ജില്ലാ കളക്ടർ അറിയിച്ചു. വയനാട്ടിൽ ഓറഞ്ച് ജാഗ്രത നിലനിൽക്കുന്ന സാഹചര്യത്തിൽ ജില്ലയിലെ എല്ലാ വിദ്യാഭ്യാസ സ്ഥാപനങ്ങൾക്കും നാളെ അവധി പ്രഖ്യാപിച്ചു. കേരളം, കർണാടക, ലക്ഷദ്വീപ് തീരങ്ങളിൽ നാളെ മുതൽ ഞായറാഴ്ച വരെ മത്സ്യബന്ധനത്തിന് വിലക്കേർപ്പെടുത്തി.

&&&&&&&&&&&&&&&

## CENSUS

കേരളത്തിൽ ദേശീയ സെൻസസ് 2027- ൻറെ ആദ്യ ഘട്ടം നാളെ അവസാനിക്കും. സെൻസസ് ഒന്നാം ഘട്ടത്തിൽ വീടുകളുടെ വിവരശേഖരണമാണ് നടക്കുന്നത്. അടുത്ത വർഷം ഫെബ്രുവരിയിൽ ജനസംഖ്യ കണക്കെടുപ്പ് ആരംഭിക്കും.

&&&&&&&&&&&&&&&

## V.D SATHEESHAN

ഭരണ പരിഷ്കാരങ്ങളുടെ ഭാഗമായി പദ്ധതികൾ വൈകുന്നതിലെ സാമ്പത്തിക നഷ്ടം പൂർണമായും ഒഴിവാക്കുന്നതിന് ഡിജിറ്റൽ അടിസ്ഥാന സൗകര്യ പരിഷ്കാരങ്ങൾ നടപ്പിലാക്കാൻ സംസ്ഥാന മന്ത്രിസഭാ യോഗം തീരുമാനിച്ചു. മുൻഗണനാ പദ്ധതികളുടെ നിർവഹണത്തിനും വകുപ്പുകൾ തമ്മിലുള്ള ഏകോപനത്തിനുമായി സെക്രട്ടറിമാരുടെ എംപവേർഡ് കമ്മിറ്റി രൂപീകരിക്കുമെന്ന് മുഖ്യമന്ത്രി വി ഡി സതീശൻ അറിയിച്ചു. വിവിധ ജില്ലകളിൽ ഓണം മെഗാ ട്രേഡ് ഫെയറുകളും ഓണം മാർക്കറ്റുകളും സംഘടിപ്പിക്കുമെന്നും അദ്ദേഹം വാർത്ത സമ്മേളനത്തിൽ പറഞ്ഞു.

&&&&&&&&&&&&&&&

## PROJECT ZERO- RAMESH CHENNITTHALA

അഴിമതിയെ തുരത്താൻ യുവജനതയെ സജ്ജരാക്കിക്കൊണ്ട് വിജിലൻസ് വകുപ്പും, വിജിലൻസ് ആൻഡ് ആൻ്റി കറപ്ഷൻ ബ്യൂറോയും ചേർന്ന് നടപ്പിലാക്കുന്ന 'പ്രൊജക്റ്റ് സീറോ - വിജിലൻസ് വിസിൽ' പദ്ധതിയ്ക്ക് തുടക്കമായി. ആഭ്യന്തരമന്ത്രി രമേശ് ചെന്നിത്തലയും ചലച്ചിത്ര താരം നിവിൻ പോളിയും ചേർന്ന് വിജിലൻസ് വിസിൽ മുഴക്കി പദ്ധതി തിരുവനന്തപുരത്ത് ഉദ്ഘാടനം ചെയ്തു. അഴിമതി സംബന്ധമായ വിവരങ്ങൾ 1064 എന്ന ടോൾ ഫ്രീ നമ്പറിൽ റിപ്പോർട്ട് ചെയ്യാവുന്നതാണ്.

&&&&&&&&&&&&&&&

## Governor

തിരുവനന്തപുരം വലിയമല IIST യുടെ 14-ാമത് ബിരുദദാന ചടങ്ങിൽ ഗവർണർ രാജേന്ദ്ര വിശ്വനാഥ് അർലേക്കർ നാളെ മുഖ്യാതിഥിയാകും. 332 പേർക്ക് ബിരുദം സമ്മാനിക്കും. മികച്ച പ്രകടനം കാഴ്ചവെച്ച വിദ്യാർത്ഥികൾക്ക് എക്സലൻസ് സർട്ടിഫിക്കറ്റുകളും ക്യാഷ് അവാർഡും വിതരണം ചെയ്യും.

&&&&&&&&&&&&&&&

## P HARISH- HORMUZ (INTRO)

ഹോർമുസ് കടലിടുക്കിലൂടെ കടന്നുപോകുന്ന വാണിജ്യ കപ്പലുകൾക്ക് നേരെയുള്ള ആക്രമണങ്ങളെ ശക്തമായി അപലപിച്ച് ഇന്ത്യ. മേഖലയിലെ വാണിജ്യ കപ്പലുകളെ ലക്ഷ്യമിട്ടുള്ള ആക്രമണങ്ങൾ ഉടനടി അവസാനിപ്പിക്കണമെന്ന് ഐക്യരാഷ്ട്ര സഭയിലെ ഇന്ത്യയുടെ സ്ഥിരം പ്രതിനിധി പി.ഹരീഷ് ആവശ്യപ്പെട്ടു.

(വോയ്സ്)

&&&&&&&&&&&&&&&

## CWG MEDALS

കോമൺവെൽത്ത് ഗെയിംസിൽ രണ്ട് സ്വർണ്ണവും ഏഴ് വെള്ളിയും മൂന്ന് വെങ്കലവും ഉൾപ്പെടെ 12 മെഡലുകൾ നേടി ഇന്ത്യ പട്ടികയിൽ ഒമ്പതാം സ്ഥാനത്ത് തുടരുന്നു. ഭാരോദ്വഹനത്തിൽ ഹർജീന്ദർ കൗറും പുരുഷന്മാരുടെ 10,000 മീറ്റർ ഓട്ടത്തിൽ ഗുൽവീർ സിംഗും വെള്ളി മെഡൽ നേടി.

അതേസമയം, പുരുഷന്മാരുടെ 200 മീറ്റർ ഫ്രീസ്റ്റൈൽ നീന്തലിൽ മലയാളി താരം സജൻ പ്രകാശിനും, അനീഷ് ഗൗഡയ്ക്കും ഫൈനൽ യോഗ്യത നേടാനായില്ല.

&&&&&&&&&&&&&&&

## SENSEX + GOLD

രാജ്യത്തെ ഓഹരി വിപണികളിൽ നേട്ടം. സെൻസെക്സ് 889 പോയിന്റ് ഉയർന്ന് 77,655ലും നിഫ്റ്റി 265 പോയിന്റ് നേട്ടത്തിൽ 24,250 ലും വ്യാപാരം അവസാനിപ്പിച്ചു. സ്വർണ്ണവില കുറഞ്ഞു. പവന് 480 രൂപ താഴ്ന്ന് ഒരു ലക്ഷത്തി 5,240 രൂപയും ഗ്രാമിന് 13,155 രൂപയുമാണ് ഇന്നത്തെ വില.

&&&&&&&&&&&&&&&

&&&&&&&&&&&&

&&&&&&&&

&&&&&&&

&&&&&&